<u>മി. സ്പീക്കർ</u>: അങ്ങയുടെ ക്രമപ്രശ്നവുമായി ബന്ധപ്പെട്ട കാര്യം പറയുന്നതിനുമുമ്പ് അങ്ങ് അവസാനമുന്നയിച്ച കാര്യം, യഥാർത്ഥത്തിൽ സഭയിൽ സർക്കുലേറ്റ് ചെയ്യുന്ന ബില്ലുകൾ തെറ്റുകൾ ഇല്ലാതെ തയ്യാറാക്കി സമർപ്പിക്കാൻ പരമാവധി ശ്രദ്ധിക്കേണ്ടതുതന്നെയാണ്. അത് ചൂണ്ടിക്കാണിച്ചതിന്റെ പ്രാധാന്യം ചെയർ ഉൾക്കൊള്ളുന്നു. അത് നിർബന്ധമായും പരിഹരിക്കേണ്ടതാണ്. എന്നാൽ, സർക്കുലേറ്റ് ചെയ്യപ്പെട്ട ബില്ലുകളിൽ ധനകാര്യബില്ലുകളിൽ ഉൾപ്പെടെ നിരവധി ബില്ലുകളിൽ മുമ്പും ഇറാറ്റം പ്രസിദ്ധീകരിക്കാറുണ്ട്. തെറ്റുകൾ കണ്ടെത്തിയാൽ അതല്ലാതെ നിർവ്വാഹമില്ല. ഏതെങ്കിലും സാഹചര്യത്തിൽ തെറ്റ് ശ്രദ്ധയിൽപ്പെട്ടാൽ അത് ശുദ്ധിപത്രത്തിലൂടെ തിരുത്തുക മാത്രമേ നിർവ്വാഹമുള്ളൂ. അതാണ് സംഭവിച്ചത്. ഏതായാലും, സർക്കുലേറ്റ് ചെയ്യുന്ന ബില്ലുകളിൽ തെറ്റുകളില്ലാതിരിക്കാൻ പരമാവധി ശ്രദ്ധിക്കേണ്ടതാണെന്ന അംഗത്തിന്റെ വികാരം ശരിയാണെന്ന് അംഗീകരിക്കുന്നു. അത് ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

ഇവിടെ ഉന്നയിക്കപ്പെട്ട ക്രമപ്രശ്നം, ഇങ്ങനെയൊരു ബില്ല് നിയമമായാൽ റിസർവ് ബാങ്കിന്റെ അംഗീകാരം ലഭിക്കുവാൻ സാദ്ധ്യതയില്ലായെന്ന

ആശങ്കയാണ് ബഹുമാനപ്പെട്ട വി. ഡി. സതീശൻ സഭ മുമ്പാകെ കൊണ്ടുവന്നിട്ടുള്ളത്. സാധാരണ ഗതിയിൽ അദ്ദേഹത്തിന്റെ ക്രമപ്രശ്നത്തിനുള്ള മറുപടി മന്ത്രി നൽകുകയും ചെയ്തു. സാധാരണ ഗതിയിൽ ബില്ലിന്റെ അവതരണവേളയിൽ ക്രമപ്രശ്നം പ്രസ്തുത ബില്ലിന്റെ ഭരണഘടനാ സാധുത സംബന്ധിച്ചോ, ബില്ല് നിയമമാക്കുവാനുള്ള സഭയുടെ ലെജിസ്ലേറ്റീവ് കോമ്പറ്റീൻസി സംബന്ധിച്ചോ, ബില്ലിന്റെ അവതരണവുമായി ബന്ധപ്പെട്ട സഭയുടെ ചട്ടങ്ങളുടെ ലംഘനത്തെ സംബന്ധിച്ചോ ആണ് വരാറുള്ളത്. ഇവിടെ നിയമനിർമ്മാണത്തിന് പിന്നിലുള്ള ലെജിസ്ലേറ്റീവ് ഇന്റെൻഷനെ സംബന്ധിക്കുന്ന കാര്യംകൂടി അംഗം ഉന്നയിച്ചിട്ടുണ്ട്. അത് പ്രഥമ ദൃഷ്ടിയാൽ ശരിയാണെന്ന് തോന്നുമെങ്കിലും ഇക്കാര്യത്തിൽ ചെയറിന് ബോദ്ധ്യപ്പെട്ട ചില കാര്യങ്ങൾ ഇവിടെ സൂചിപ്പിക്കട്ടെ: കേരള ബാങ്കിന്റെ രൂപീകരണം സംബന്ധിച്ച് റിസർവ് ബാങ്ക് മുന്നോട്ട് വച്ചിട്ടുള്ള മാനദണ്ഡങ്ങളിൽ ഒന്ന്, സഹകരണ സംഘം നിയമത്തിലെ സെക്ഷൻ 14-ലെ വ്യവസ്ഥ പാലിക്കണമെന്നാണ്. സെക്ഷൻ 14-ലെ വ്യവസ്ഥ ബാങ്കുകളുടെ ലയനത്തിന് ജനറൽ ബോഡിയിൽ മൂന്നിൽ രണ്ട് ഭൂരിപക്ഷം തീരുമാനമെടുക്കണമെന്നാണ്. പ്രസ്തുത വ്യവസ്ഥ കേവല ഭൂരിപക്ഷം മതിയെന്ന് ഈ ബില്ലിലൂടെത്തന്നെ

ഭേദഗതി ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. എന്നാൽ, സർക്കാർ പുറപ്പെടുവിച്ച ഓർഡിനൻസിലൂടെ പ്രസ്തുത വ്യവസ്ഥ ഇതിനകം തന്നെ ഭേദഗതി ചെയ്യപ്പെട്ടിട്ടുണ്ട്. നിയമത്തിലെ വ്യവസ്ഥ ഭേദഗതി ചെയ്യപ്പെട്ട് കഴിഞ്ഞതോടെ ആർ.ബി.ഐ.-യുടെ മാനദണ്ഡവും അതിനനുസൃതമായി മാറ്റപ്പെടുമെന്നുമുള്ളതാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണം. അത് വസ്തുതാപരമായി കാണേണ്ടിവരും.

ശ്രീ. വി. ഡി. സതീശൻ: സർ, മാറ്റാത്ത സാഹചര്യം വന്നാൽ ..................... (മൈക്ക് ഓഫ്)

മി. സ്പീക്കർ: മാറ്റാത്ത സാഹചര്യം വന്നാൽ അപ്പോൾ പരിഗണിക്കും. അതുംകൂടി തിരുത്തുകയാണ്. ബില്ല് നിയമമായാൽ അതനുസരിച്ച് രൂപീകൃതമാവുന്ന ബാങ്കിന് അംഗീകാരം ലഭിക്കുവാൻ സാദ്ധ്യതയില്ല എന്നുള്ള ആശങ്ക ബിൽ നിയമമാകാനുള്ള സഭയുടെ അധികാരാവകാശങ്ങളെ ഒരു തരത്തിലും തടസ്സപ്പെടുത്തുന്നതല്ലായെന്നാണ് ചെയറിന് തോന്നുന്നത്. ബില്ല് നിയമമാക്കാനുള്ള അധികാരം റിസർവ് ബാങ്കിന്റെ നിബന്ധനയുമായി ബന്ധപ്പെട്ടൊരു കാര്യമല്ല. അതുകൊണ്ട് ഈ ക്രമപ്രശ്നം നിലനിൽക്കുന്നതല്ലായെന്ന് റൂൾ ചെയ്യുകയാണ്.